ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.11.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ജനാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ ബന്ധമാണ് ഇന്ത്യയും ബോട്സ്വാനയും തമ്മിലുള്ളതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu said that the relationship between India and Botswana is based on democratic values.**

2. ഡൽഹി സ്ഫോടനത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവരെ സന്ദർശിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi today visited Lok Nayak Jai Prakash Narayan Hospital to meet those injured in the Delhi car blast.**

3. ഡൽഹിയിലെ വായു മലിനീകരണത്തിൻറെ പശ്ചാത്തലത്തിൽ പഞ്ചാബ്, ഹരിയാന സർക്കാരുകളിൽ നിന്ന് റിപ്പോർട്ട് തേടി സുപ്രീംകോടതി.

   **The Supreme Court directed the State of Punjab and Haryana to file a status report on the measures taken to curb stubble burning, contributing to the air pollution crisis in Delhi-NCR.**

4. വായു മലിനീകരണവുമായി ബന്ധപ്പെട്ട് പുതുക്കിയ സുരക്ഷാ മാർഗനിർദേശം പുറപ്പെടുവിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

   **Ministry of health and family welfare issued an updated health advisory on air pollution**

5. കേരളത്തിൽ വ്യാപക മഴ മുന്നറിയിപ്പിനെ തുടർന്ന് 5 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **Following the widespread rain alert in Kerala, yellow alert has been issued in five districts. Fishing has been banned along the Kerala–Lakshadweep coasts.**

6. കാഴ്ചപരിമിതർക്കുള്ള വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യയ്ക്ക് 209 റൺ ജയം.

   **In Women's T20 World Cup Cricket for the Blind, India defeated Australia by 209 runs**

**PRESIDENT-BOTSWANA (INTRO)**

ജനാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ ബന്ധമാണ് ഇന്ത്യയും ബോട്സ്വാനയും തമ്മിലുള്ളതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ബോട്സ്വാനയിൽ പ്രസിഡന്റ് ഡുമ ബോക്കോയുമായി നടത്തിയ ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷം സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. വ്യാപാരം, നിക്ഷേപം, കൃഷി, പുനരുപയോഗ ഊർജ്ജം, ആരോഗ്യം ഉൾപ്പെടെ പ്രധാന മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ ഇരു രാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്നും ശ്രീമതി മുർമു പറഞ്ഞു.

(ഹോൾഡ്)

എച്ച്ഐവി അണുബാധയുടെ ചികിത്സയ്ക്കുള്ള ആന്റി റിട്രോവൈറൽ മരുന്നുകൾ ബോട്സ്വാനയിലേക്ക്

അയയ്ക്കാനുള്ള ഇന്ത്യയുടെ തീരുമാനവും രാഷ്ട്രപതി പ്രഖ്യാപിച്ചു.

PM LNJP HOSPITAL

ഡൽഹി സ്ഫോടനത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദർശിച്ചു.

LNJP ആശുപത്രിയിലെത്തി അദ്ദേഹം ചികിത്സയിലുള്ളവരുമായും ഡോക്ടർമാരുമായും സംസാരിച്ചു. പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഭൂട്ടാനിൽ നിന്ന് ഇന്ന് തിരിച്ചെത്തിയ ശേഷമായിരുന്നു പ്രധാനമന്ത്രിയുടെ ആശുപത്രി സന്ദർശനം.

DELHI BLAST

ഡൽഹി സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്ത് കർശന ജാഗ്രത തുടരുന്നു. പ്രധാന വിമാനത്താവളങ്ങൾ, റെയിൽവെ സ്റ്റേഷൻ, പൊതുവിടങ്ങൾ തുടങ്ങി എല്ലായിടത്തും പരിശോധന ശക്തമാക്കിയിട്ടുണ്ട്. സുരക്ഷാ കാരണങ്ങൾ മുൻനിർത്തി ലാൽകില മെട്രോ സ്റ്റേഷൻ താല്ക്കാലിമായി അടച്ചിരിക്കുകയാണ്. ചുവപ്പുകോട്ടയിലും നാളെ വരെ പൊതുജനങ്ങൾക്ക് പ്രവേശനം

അനുവദിക്കില്ല. കേസിൻറെ അന്വേഷണം ആഭ്യന്തര മന്ത്രാലയം ഇന്നലെ ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറിയിരുന്നു. സ്ഫോടനത്തിന് ഉപയോഗിച്ച കാർ നല്കിയ ഡീലറെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

## AIRPORT–PASSENGER ADVISORY

ദേശീയ തലസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്ത്, ഡൽഹി വിമാനത്താവളത്തിൽ ഉൾപ്പടെ സുരക്ഷാ പരിശോധന വർധിപ്പിച്ചു. യാത്രകൾ ഇതനുസരിച്ച് ക്രമീകരിക്കണമെന്നും വിമാനത്താവളത്തിൽ നേരത്തെ എത്തിച്ചേരണമെന്നും അധികൃതർ നിർദേശം നൽകിയിട്ടുണ്ട്. സുരക്ഷാ പരിശോധനകൾ, ചെക്ക്-ഇൻ നടപടികൾ എന്നിവയ്ക്ക് അധിക സമയം ആവശ്യമായി വരുന്നതിനാൽ യാത്രക്കാർ സഹകരിക്കണമെന്നും വിമാനക്കമ്പനികളും അഭ്യർത്ഥിച്ചു.

## SC– AIR POLLUTION

ഡൽഹിയിലെ വായുമലിനീകരണത്തിന്റെ പശ്ചാത്തലത്തിൽ കാർഷിക അവശിഷ്ടങ്ങൾ കത്തിക്കുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികളിൽ റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചാബ്, ഹരിയാന സർക്കാരുകൾക്ക് സുപ്രീംകോടതി നിർദേശം. വായു മലിനീകരണവുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കവെയാണ് ചീഫ് ജസ്റ്റിസ്

ബി ആർ ഗവായ്, ജസ്റ്റിസ് കെ വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബഞ്ച് ഇത് സംബന്ധിച്ച് ഉത്തരവിട്ടത്. ഹർജി അടുത്ത ആഴ്ച വീണ്ടും പരിഗണിക്കും.

## HEALTH MINISTRY ADVISORY

വായു മലിനീകരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ആരോഗ്യ സുരക്ഷാ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം. നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ ചെസ്റ്റ് ക്ലിനിക്കുകൾ സ്ഥാപിക്കാൻ മന്ത്രാലയം നിർദേശിച്ചു. വായു മലിനീകരണം ഏറ്റവും കൂടുതലുള്ള മാസങ്ങളിൽ ഈ ക്ലിനിക്കുകൾ ദിവസവും കുറഞ്ഞത് രണ്ട് മണിക്കൂറെങ്കിലും പ്രവർത്തിക്കണമെന്നും നിർദേശമുണ്ട്.

## CAQM – NOTICE

കാർഷിക അവശിഷ്ടങ്ങൾ കത്തിക്കുന്നതിനുള്ള നിരോധനം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഹരിയാനയിലെ ഫത്തേഹാബാദിലെ ഡെപ്യൂട്ടി കമ്മീഷണർക്ക് എയർ ക്വാളിറ്റി മാനേജ്മെന്റ് കമ്മീഷൻ നോട്ടീസയച്ചു. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടും സെപ്റ്റംബർ 15നും ഈ മാസം 6 നും ഇടയിൽ ഫത്തേഹാബാദിൽ 59 ഇടങ്ങളിൽ കാർഷിക അവശിഷ്ടങ്ങൾ

കത്തിച്ചതായി കണ്ടെത്തിയതിനെത്തുടർന്നാണ് നടപടി. ഈ മാസം 17 നകം വിശദീകരണം നൽകാനും നിർദേശം നൽകിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## GOYAL-SAUDI ARABIA

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ സൗദി അറേബ്യൻ നിക്ഷേപ മന്ത്രി ഖാലിദ്. എ. അൽ-ഫാലിഹുമായി ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തി. ഇന്ത്യ- സൗദി സാമ്പത്തിക സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സാങ്കേതികവിദ്യ, ഊർജ്ജം, അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നീ മേഖലകളിലെ വ്യാപാരവും നിക്ഷേപവും മെച്ചപ്പെടുത്തുന്നതിനുമുള്ള വഴികൾ ചർച്ചയായതായി

ശ്രീ. പിയൂഷ് ഗോയൽ സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## NIRMALA-MEET

കേന്ദ്രബജറ്റിന് മുന്നോടിയായി ന്യൂഡൽഹിയിൽ നടന്ന മൂന്നാമത്തെ ചർച്ചയിൽ കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അധ്യക്ഷത വഹിച്ചു. സൂക്ഷ്മ -ചെറുകിട - ഇടത്തരം സംരംഭ മേഖലയിൽ നിന്നുള്ളവർ ചർച്ചയിൽ പങ്കെടുത്തു. കേന്ദ്ര സഹമന്ത്രി പങ്കജ് ചൗധരിയും മറ്റ്

മുതിർന്ന് ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തതായി മന്ത്രാലയം സമൂഹമാധ്യമത്തിൽ അറിയിച്ചു.

## BAL SAHITYA PURASKAR

2025 ലെ സാഹിത്യ അക്കാദമി - ബാല സാഹിത്യ പുരസ്കാരം ഈ മാസം 14 ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. ബാലസാഹിത്യ വിഭാഗത്തിലെ വാർഷിക അവാർഡുകൾ സാഹിത്യ അക്കാദമി അധ്യക്ഷൻ മാധവ് കൗശിക് സമ്മാനിക്കും.

## IFFI

അൻപത്തിയാറാമത് ഗോവ രാജ്യാന്തര ചലച്ചിത്രമേളയ്ക്കൊരുങ്ങി ആസ്വാദക ലോകം. നവംബർ 20 മുതൽ 28 വരെ നടക്കുന്ന ചലച്ചിത്ര മേളയിൽ 81 രാജ്യങ്ങളിൽ നിന്നായി 240 ലേറെ ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കും. ബ്രസീലിയൻ സംവിധായകൻ ഗബ്രിയേൽ മസ്കാരോയുടെ

"The Blue Trail" ലാണ് ഉദ്ഘാടന ചിത്രം. ഇന്ത്യൻ പനോരമ വിഭാഗത്തിൽ 25 ഫീച്ചർ ഫിലിമുകളും, 20 നോൺ ഫീച്ചർ ഫിലിമുകളും പ്രദർശിപ്പിക്കും. ഫീച്ചർ വിഭാഗത്തിൽ തമിഴ് ചിത്രം അമരനാണ് ഉദ്ഘാടന ചിത്രം.

## PM SREE KERALA

കേരളത്തിൽ പിഎം ശ്രീ പദ്ധതിയുടെ തുടർ നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്ത് അയച്ചതായി മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ, വിഷയം പഠിക്കാൻ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി തീരുമാനിക്കുമെന്നും വിദ്യാഭ്യാസ മന്ത്രി അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**LSGD**

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മറ്റന്നാൾ പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. രണ്ടു ഘട്ടങ്ങളിലായി ഡിസംബർ 9 നും, 11 നുമാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ. മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻറെ മുൻകൂർ അനുമതി ആവശ്യമായ സർക്കാർ ഫയലുകൾ പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

❋❋❋❋❋❋❋❋❋❋❋❋❋

**SIR–KERALA**

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ എന്യൂമറേഷൻ ഫോം വിതരണം കേരളത്തിൽ പുരോഗമിക്കുന്നു. ഈ മാസം

25നകം ആദ്യ ഘട്ട എന്യൂമറേഷൻ ഫോം വിതരണം പൂർത്തീകരിക്കും.

## RAIN KERALA

കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

## HEALTH – WORKSHOP(INTRO)

2047 -ഓടെ നഗര-ഗ്രാമ ഭേദമന്യേ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ. നഴ്സിംഗ് നയങ്ങൾ സംബന്ധിച്ച് ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച മൂന്ന് ദിവസത്തെ ദേശീയ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അവർ.

(വോയിസ്)

നഴ്സുമാരും പ്രസവ ശുശ്രൂഷ ചെയ്യുന്നവരും ഇന്ത്യയുടെ ആരോഗ്യ സംരക്ഷണ സംവിധാനത്തിന്റെ നട്ടെല്ലാണെന്നും ആരോഗ്യ സെക്രട്ടറി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## WOMEN BLIND CRICKET

കാഴ്ച പരിമിതർക്കുള്ള ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ ഓസ്‌ട്രേലിയക്കെതിരെ ഇന്ത്യക്ക് 209 റൺസിന്റെ ജയം. ഇന്ത്യ ഉയർത്തിയ 293 റൺ പിന്തുടർന്ന ഓസീസിന് 8 വിക്കറ്റ് നഷ്ടത്തിൽ 83 റൺസ് എടുക്കാനേ സാധിച്ചുള്ളൂ. ടൂർണമെൻറിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ 10 വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## BROADCASTING DAY – AIR

ന്യൂഡൽഹിയിലെ ആകാശവാണി ഭവനിൽ ദേശീയ പൊതു സേവന പ്രക്ഷേപണ ദിനം ആചരിച്ചു. പ്രസാർ ഭാരതി ചെയർമാൻ നവനീത് കുമാർ സെഹ്ഗാൾ പരിപാടിയിൽ പങ്കെടുത്തു. നിരവധി ഗായകർ ഒത്തുചേർന്ന് ഗാന്ധിജിക്ക് ഏറെ പ്രിയപ്പെട്ട ഗാനങ്ങൾ ബാപ്പു സ്റ്റുഡിയോയിൽ ആലപിച്ചു. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി ഓൾ ഇന്ത്യ റേഡിയോയിലൂടെ അഭിസംബോധന ചെയ്തതിൻറെ സ്മരണ പുതുക്കുന്നതിനാണ് എല്ലാവർഷവും നവംബർ 12 ദേശീയ പൊതു സേവന പ്രക്ഷേപണ ദിനമായി ആചരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## INTERNATIONAL BOOK FAIR

44-ാമത് ഷാർജ അന്താരാഷ്ട്ര പുസ്തകമേള പുരോഗമിക്കുന്നു. ഈ മാസം 16 വരെ നീണ്ടുനിൽക്കുന്ന 12 ദിവസത്തെ മേളയിൽ 118 രാജ്യങ്ങളിൽ നിന്നുള്ള 2,350-ലധികം പ്രസാധകരാണ് പങ്കെടുക്കുന്നത്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ബുക്ക് ട്രസ്റ്റ് ഒരുക്കിയ ഇന്ത്യൻ പവലിയൻ മേളയിലെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ്.

## BIHAR - ASSEMBLY ELECTION

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ വെള്ളിയാഴ്ച നടക്കും. രണ്ട് ഘട്ടങ്ങളിലായി ഈ മാസം 9 നും 11 നുമായിരുന്നു വോട്ടെടുപ്പ്. രണ്ട് ഘട്ടങ്ങളിലുമായി ശരാശരി 66.91 ശതമാനമായിരുന്നു പോളിംഗ്. ബിഹാറിൻറെ തിരഞ്ഞെടുപ്പ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന പോളിങ്ങാണ് ഇതെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷ്ണർ ഗ്യാനേഷ് കുമാർ പറഞ്ഞു.